LIBRARY ARCHIVES Kerala Legislative Assembly

ഭക്ഷ്യധാന്യ വിതരണം

160(4170) ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ സ്പോർട്സ് ഹോസ്റ്റലുകൾ, ഫിഷറീസ് മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ എന്നിവിടങ്ങളിൽ ഉൾപ്പടെയുള്ള എല്ലാ സ്കൂൾ വിദ്യാർത്ഥികൾക്കും കോവിഡ് പശ്ചാത്തലത്തിൽ ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്തുവരുന്നുണ്ടോ; വിശദമാക്കുമോ?

പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിൽവരുന്ന സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് മേഖലകളിലെ വിദ്യാലയങ്ങൾ (സ്പെഷ്യൽ സ്കൂളുകൾ ഉൾപ്പെടെ), ടെക്നിക്കൽ ഹൈസ്കൂളുകൾ ഏകാദ്ധ്യാപക വിദ്യാലയങ്ങൾ എന്നിവിടങ്ങളിലെ എട്ടാം ക്ലാസ്സ് വരെയുള്ള കുട്ടികൾക്കാണ് സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുടെ ഭാഗമായി സ്കൂൾ തുറക്കുന്നതുവരെ ഭക്ഷ്യധാന്യങ്ങളും ഭക്ഷ്യകിറ്റുകളും വിതരണം ചെയ്തുവരുന്നത്. സ്പോർട്സ് ഹോസ്റ്റലുകൾ, ഫിഷറീസ് മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ എന്നിവ സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുടെ പരിധിയിൽ വരാത്തതിനാൽ, ടി സ്കൂളുകളിലെ കുട്ടികൾക്ക് ടി പദ്ധതിയുടെ ഭാഗമായി പൊതുവിദ്യാഭ്യാസ വകുപ്പ് ഭക്ഷ്യകിറ്റുകൾ വിതരണം ചെയ്യുന്നില്ല.

മലയാള പഠന നിയമം

161(4171) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും മലയാളം ഒരു വിഷയമായി പഠിപ്പിക്കണമെന്ന 2017-ലെ മലയാള പഠനനിയമം നടപ്പിലാക്കിയിട്ടുണ്ടോ എന്നറിയിക്കാമോ?

നടപ്പിലാക്കിയിട്ടുണ്ട്.

(ബി) പ്രസ്തുത നിയമത്തിന് ചട്ടങ്ങൾ തയ്യാറാക്കിയിട്ടുണ്ടോ; ഏതെല്ലാം സ്കൂളുകളിലാണ് ഈ നിയമം നടപ്പാക്കാൻ ഉദ്ദേശിക്കുന്നത് എന്നറിയിക്കാമോ?

തയ്യാറാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. സ്കൂളുകൾ ഉൾപ്പെടെ എല്ലാ സ്കൂളുകളിലും ഈ നിയമം നടപ്പിലാക്കുന്നതിന് 2-6-2018-ലെ സ.ഉ.(അച്ചടി) നമ്പർ 14/18/പൊ.വി.വ. പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ഇത് സംബന്ധിച്ച് പരിശോധന നടത്താൻ നിയമത്തിൽ ആരെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്; ആയതിന് അദ്ധ്യാപക പാനൽ തയ്യാറാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

2018-ലെ മലയാളഭാഷാ പഠന ചട്ടങ്ങൾക്കനുസൃതമായി സ്കൂളുകളിൽ മലയാള ഭാഷാപഠനം നടപ്പിലാക്കുന്നുണ്ടോയെന്ന് ഉറപ്പുവരുത്തുന്നത് പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ചുമതലയാണ്. ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം പരിശോധന നടത്തുന്നതിനായി ഹൈസ്കൂൾ വിഭാഗത്തിൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർ ഉൾപ്പെട്ട അദ്ധ്യാപകരുടെ പാനലും പ്രൈമറി വിഭാഗത്തിൽ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ ഉൾപ്പെട്ട അദ്ധ്യാപകരുടെ പാനലും രൂപീകരിച്ച് പരിശോധനകൾ നടത്തുന്നുണ്ട്.

സ്കൂൾ പാചക തൊഴിലാളികളുടെ പ്രശ്നങ്ങൾ

162(4172) ശ്രീ. എം രാജഗോപാലൻ :
ശ്രീ. കെ. ആൻസലൻ :
ശ്രീമതി ദെലീമ :
ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡിന്റെ വ്യാപനം കാരണം തൊഴിൽ ചെയ്യാൻ കഴിയാതെയും വരുമാനമില്ലാതെയും ബുദ്ധിമുട്ട് അനുഭവിക്കുന്ന സ്കൂൾ പാചക തൊഴിലാളികളുടെ പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സ്കൂളുകളിലെ പാചകത്തൊഴിലാളികൾ വരുമാനം നിലച്ച് വലിയ പ്രതിസന്ധിയിലായ കാര്യം ഗൗരവമായി കാണുമോ;

(സി) സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവരും സ്കൂൾ പാചക തൊഴിലിനെ മാത്രം ആശ്രയിച്ച് കഴിയുന്നവരുമായ തൊഴിലാളികളുടെ ജീവസന്ധാരണം ഉറപ്പുവരുത്തുന്നതിന് ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കാൻ സർക്കാർ നിർദ്ദേശം നൽകുമോ?

(ബി&സി) കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ സ്കൂളുകൾ തുറന്ന് പ്രവർത്തിക്കാത്തതിനാൽ വേനൽ അവധി ഉൾപ്പെടെയുള്ള കാലയളവിലേയ്ക്ക് പ്രതിമാസം 1,600 രൂപ സമാശ്വാസമായി സ്കൂൾ പാചക തൊഴിലാളികൾക്ക് സർക്കാർ നൽകിവരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly